LIBRARY ARCHIVES Kerala Legislative Assembly

വാർഡ് മെമ്പർമാർക്ക് സഹായികൾ

265 (1739) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമപഞ്ചായത്തുകളിൽ വാർഡ് മെമ്പർമാർക്ക് സഹായികളെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

ഗ്രാമപഞ്ചായത്ത് പ്രവർത്തനങ്ങളിൽ കുടുംബശ്രീ പ്രവർത്തകരെ സഹകരിപ്പിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

ഉള്ളേരി ഗ്രാമപഞ്ചായത്തിൽ ക്രിമറ്റോറിയം

266 (1740) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഉള്ളേരി ഗ്രാമപഞ്ചായത്തിൽ പ്രശാന്തി ഗാർഡൻസ് എന്ന പേരിൽ ഒരു ആധുനിക ക്രിമറ്റോറിയം നിർമ്മിക്കുന്നതു സംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികളുടെ പുരോഗതി അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട നടപടികൾ പരിഗണിച്ചു വരികയാണ്.

മലപ്പുറം ജില്ലയിലെ കടിവെള്ളക്ഷാമം

267 (1741) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിലെ കുറുവ പഞ്ചായത്തിലെ നെച്ചിക്കുത്ത് പറമ്പ, കരിങ്കപാടി, താഴെകുളമ്പ എന്നീ പ്രദേശങ്ങൾ ഉൾകൊള്ളുന്ന 5- ാം വാർഡിലെ കടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത്, കുറുവ പഞ്ചായത്ത് മുഖേന ഏതെങ്കിലും പദ്ധതിക്ക് അനുമതി നല്കിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപ വീതം എന്നും ഏത് നിർമ്മാണ ഏജൻസി മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത് എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2013-14 വർഷത്തിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് അതിന്റെ സംയുക്ത പ്രോജക്ടായി 9.5 ലക്ഷം രൂപയുടെ വറ്റല്ലൂർ താഴെക്കുളമ്പ് കുടിവെള്ള പദ്ധതിക്ക് അനുമതി നൽകിയിരുന്നു. ഈ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ തദ്ദേശസ്വയംഭരണ വകുപ്പ് മലപ്പുറം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. ഗുണഭോക്തൃസമിതി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) പ്രസ്തുത പ്രവൃത്തിക്കായി ഗുണഭോക്തൃസമിതി കൺവീനറുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്.

കാർഷിക വിഭവങ്ങളുടെ സംസ്കരണത്തിനുള്ള ചെറുകിട വ്യവസായങ്ങൾക്കുള്ള ലൈസൻസ്

268 (1742) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിൽ രാസവസ്തുക്കൾ ഉപയോഗിക്കാത്തതും പരിസര മലിനീകരണമുണ്ടാക്കാത്തതും കാർഷിക വിഭവങ്ങളുടെ സംസ്കരണത്തിനുള്ളതുമായ ചെറുകിട വ്യവസായങ്ങൾക്ക് ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള ചെറുകിട വ്യവസായങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർ ആന്റ് സേഫ്റ്റി വിഭാഗങ്ങളുടെ അനുമതി ആവശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ പരിസ്ഥിതി മലിനീകരണമുണ്ടാക്കാത്ത വിധം കൃഷി അധിഷ്ഠിത ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥ ഉദാരമാക്കുമോ?

ഉത്തരം

(എ) ഗ്രാമപ്രദേശങ്ങളിൽ വ്യാപാരം, വ്യവസായം, കച്ചവടം എന്നിവയ്ക്ക് ലൈസൻസ് നൽകുന്നത് 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമാണ്. ഇതിൽ ഭക്ഷ്യോൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട് ലൈസൻസ്

LIBRARY ARCHIVES Kerala Legislative Assembly